ഉത്തരം

(എ) കൈത്തറി സംഘങ്ങളുടെ കടബാദ്ധ്യതകൾ വീട്ടുന്നതിന് സഹായം നൽകുന്നതിലേക്കായി കേന്ദ്ര സർക്കാർ 2 ഘട്ടങ്ങളിലായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 23,03,05,268 രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം ഗഡുവായി 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിൽ ലഭിച്ച 23,03,05,268 രൂപ മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം ഗഡുവായി 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. അതിൽ 57.35 കോടി രൂപ നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്.

(സി) 73 സംഘങ്ങൾക്ക് ഇനിയും സഹായം ലഭ്യമാക്കുവാനുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഈ സംഘങ്ങൾ ഈ പാക്കേജിന്റെ പരിധിയിൽ വരുന്നില്ല. ഈ സംഘങ്ങൾക്ക് സഹായം ലഭിക്കണമെങ്കിൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തണം. അത് കേന്ദ്രസർക്കാരാണ് തീരുമാനിക്കുന്നത്.

പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ നവീകരണം

261 (2499) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ നവീകരണത്തിനും മറ്റുമായി പി. ഗോപിനാഥൻ നായർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നുള്ള വിവരം ഇനം തിരിച്ച് അറിയിക്കുമോ ;

(സി) പരമ്പരാഗത ഖാദി വ്യവസായത്തിന്റെ പോഷണത്തിനായി എന്തെല്ലാം ഇതര പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 1521 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക താഴെപ്പറയുന്ന ഇനത്തിൽ ചെലവഴിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. ചർക്കകൾ വാങ്ങുന്നതിന്	-	117 ലക്ഷം
2. തറികൾ വാങ്ങുന്നതിന്	-	260 ലക്ഷം
3. പരിശീലനം	-	78 ലക്ഷം
4. റെഡിമെയ്ഡ് പാവ് യൂണിറ്റ്	-	160 ലക്ഷം
5. പുതിയ വർക്ക് ഷെഡ് നിർമ്മാണം	-	225 ലക്ഷം
6. നിലവിലെ വർക്ക് ഷെഡ് റിപ്പയർ	-	180 ലക്ഷം
7. പ്രവർത്തന മൂലധനം	-	376 ലക്ഷം
		1396 ലക്ഷം രൂപ
8.ഡൈ ഹൈസുകൾ സ്ഥാപിക്കുന്നതിന്	-	50 ലക്ഷം രൂപ (രണ്ട് എണ്ണം)
9. കോട്ടൺ ഗോഡൗൺ സ്ഥാപിക്കുന്നതിന്	-	50 ലക്ഷം രൂപ
10. സിൽക്ക് യൂണിറ്റ് ആരംഭിക്കുന്നതിന്	-	25 ലക്ഷം രൂപ
ആകെ		1521 ലക്ഷം രൂപ

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

പാർവ്വതി മില്ലിന്റെ കൈവശമുള്ള ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനു നടപടി

262 (2500) ശ്രീ. പി. കെ. ഉദുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാർവ്വതി മില്ലിന്റെ കൈവശമുള്ള ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷനോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ഹാന്റക്സിലെ ഫൈനാൻസ് മാനേജരുടെ നിയമനം

263 (2501) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റക്സിൽ നിലവിലുള്ള ഫൈനാൻസ് മാനേജരെ കോൺട്രാക്ട് വ്യവസ്ഥയിൽ ആണോ നിയമിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly